## സാമൂഹ്യ നീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ
## (സാന്നിദ്ധ്യം : V.N. ജിതേന്ദ്രൻ)

ഉത്തരവ് നം. ഇ5-30513/14

തിരുവനന്തപുരം,
തീയതി: 10.12.2014.

വിഷയം: സാമൂഹ്യ നീതി വകുപ്പ് - ജീവനക്കാര്യം - CDPO - സ്ഥലംമാറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1) സാമൂഹ്യ നീതി ഡയറക്ടറുടെ 1.10.14 ലെ E5 - 30513/14 നമ്പർ ഉത്തരവ്.
2) ശ്രീമതി. നസീറാ ബീവി. M, CDPO ബഹു. പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച 14.10.14 ലെ നിവേദനം.

അഞ്ചൽ ICDS പ്രോജക്ടിൽ 10.9.14 ന് നടത്തിയ പ്രോജക്ട് ലെവൽ മീറ്റിംഗ് അങ്കണവാടി പ്രവർത്തകർ ബഹിഷ്കരിച്ച് ICDS ഓഫീസ് ഉപരോധിച്ച സംഭവത്തെ കുറിച്ച് അന്വേഷണം നടത്തി കൊല്ലം പ്രോഗ്രാം ഓഫീസർ സമർപ്പിച്ച റിപ്പോർട്ടിൽ ടി കാര്യാലയത്തിലെ ശിശു വികസന പദ്ധതി ഓഫീസറും ജീവനക്കാരും തമ്മിൽ നിലനിൽക്കുന്ന പ്രശ്നങ്ങളാണ് പ്രസ്തുത സംഭവത്തിന് കാരണമായതെന്നും ആയതിനാൽ ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി CDPO ഉൾപ്പെടെയുള്ള ജീവനക്കാരെ സ്ഥലംമാറ്റുന്നത് ഉചിതമായിരിക്കുമെന്ന് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) ലെ ഉത്തരവ് പ്രകാരം ടി കാര്യാലയത്തിലെ ജീവനക്കാരെ സ്ഥലംമാറ്റി നിയമിക്കുകയും CDPO ശ്രീമതി. നസീറാബീവിയെ ചടയമംഗലം അഡീഷണൽ ICDS ൽ നിയമിക്കുകയുമുണ്ടായി.

എന്നാൽ ചടയമംഗലം അഡീഷണൽ ICDS ഓഫീസ് പ്രവർത്തിക്കുന്നത് കടയ്ക്കൽ പഞ്ചായത്ത് കെട്ടിടത്തിന്റെ മുകളിലത്തെ നിലയിലാണെന്നും വികലാംഗയായതിനാൽ ടി കാര്യാലയത്തിൽ ജോലി ചെയ്യുവാൻ ബുദ്ധിമുട്ടാണെന്നും ആയതിനാൽ ടിയാൾക്ക് നൽകിയ സ്ഥലംമാറ്റം റദ്ദ് ചെയ്യണമെന്നും ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (2) പ്രകാരം ശ്രീമതി. നസീറാ ബീവി ബഹു. പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രിക്ക് നിവേദനം സമർപ്പിക്കുകയുണ്ടായി.

ഈ സാഹചര്യത്തിൽ വികലാംഗയായതിനാൽ ചടയമംഗലം അഡീഷണൽ ICDS ഓഫീസിൽ ജോലി ചെയ്യുവാൻ ബുദ്ധിമുട്ടാണെന്ന ശ്രീമതി. നസീറാ ബീവിയുടെ നിവേദനം പരിഗണിച്ച് ടിയാളെ അഞ്ചൽ അഡീഷണൽ ICDS ലേക്കും അഞ്ചൽ അഡീഷണൽ CDPO ശ്രീമതി. സരള. J യെ അഞ്ചൽ ICDS ലേക്കും ഉടൻ പ്രാബല്യത്തിൽ സ്ഥലം മാറ്റി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
സാമൂഹ്യ നീതി ഡയറക്ടർ

ബന്ധപ്പെട്ടവർക്ക്.
പകർപ്പ്:

1) ജില്ലാ സാമൂഹ്യ നീതി ഓഫീസർ/പ്രോഗ്രാം ഓഫീസർ, കൊല്ലം.
2) സ്റ്റോക്ക് ഫയൽ/സ്പെയർ.

ഉത്തരവിൻ പ്രകാരം,
സൂപ്രണ്ട്